**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 3** **04-10-2021 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ പോലീസിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസിനെ ജനകീയവൽക്കരിക്കുക എന്ന നയത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന പോലീസിനെ ജനസൗഹൃദമാക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി ജനമൈത്രീ സുരക്ഷാ സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കുകയുണ്ടായി. പോലീസിനെ സമീപിക്കുന്ന പൊതുജനങ്ങളുടെ ആവശ്യങ്ങൾ കേൾക്കുന്നതിനും അവരെ സഹായിക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ പബ്ലിക് റിലേഷൻ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി വരുന്ന സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി 165 സ്കൂളുകളിൽകൂടി വ്യാപിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ശിശുസൗഹൃദമാക്കുന്നതിനും തുടക്കം കുറിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും ഏതു സ്റ്റേഷനിലും സഹായം തേടുന്നതിനും അവരുടെ ആവശ്യങ്ങൾ സ്വകാര്യമായി അറിയിക്കുന്നതിനും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെയും സ്ത്രീകളുടെയും സംരക്ഷണത്തിനും ആവശ്യമായ സാമൂഹ്യ ഇടപെടലുകളും പോലീസ് സേന ഇതിലൂടെ ലക്ഷ്യം വെക്കുന്നു. സൈബർ ഇടങ്ങളിൽ സ്ത്രീകളും കുട്ടികളും അടക്കമുള്ളവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുശക്തമായ സൈബർ പെട്രോളിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി (കുസാറ്റ്) എന്നിവയുമായി ചേർന്ന് ഡാറ്റാ സയൻസിലടക്കം പ്രാപ്തരായ ഉദ്യോഗസ്ഥർക്ക് പഠനാവസരം നൽകി പോലീസ് സേനയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പോലീസും ജനങ്ങളും |

| | | | |
|---|---|---|---|
| | | | തമ്മിൽ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവെക്കുന്നതിന്റെ ഭാഗമായി മികച്ച മീഡിയാ പ്ലാറ്റ്ഫോം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ലോകത്ത് പോലീസ് സേനയുടെ പ്ലാറ്റ്ഫോമുകളിൽ ഏറ്റവും കൂടുതൽ ഫോളോവേഴ്സുള്ള പ്ലാറ്റ്ഫോമായി കേരള പോലീസിന്റെ ഫെയ്സ്ബുക്ക് പേജിന് മാറാൻ കഴിഞ്ഞിട്ടുണ്ട്. തനിച്ച് താമസിക്കുന്ന മുതിർന്ന പൗരന്മാർ, അഗതികൾ എന്നിവർക്ക് മരുന്ന്, ഭക്ഷണം, തുടങ്ങിയ അവശ്യസാധനങ്ങൾ എത്തിക്കുന്നതിനും ഭവനരഹിതർക്ക് വീട് വെച്ചു നൽകുന്നതിനും നിർദ്ധനരായ കുട്ടികൾക്ക് ആവശ്യമായ പുസ്തകം, മൊബൈൽ ഫോൺ, ടിവി എന്നിവയും കോവിഡ് മഹാമാരിയിൽ കഷ്ടത അനുഭവിക്കുന്നവർക്ക് നിത്യോപയോഗ സാധനങ്ങളും എത്തിച്ചുനൽകുന്നതിനും ജനമൈത്രീ പോലീസ് സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, തുടങ്ങിയവ കേന്ദ്രീകരിച്ച് സ്ത്രീ സുരക്ഷ, ലഹരി, ആൻറീ റാഗിംഗ്, ട്രാഫിക് തുടങ്ങി വിവിധ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. ഉരുൾ പൊട്ടൽ, മണ്ണിടിച്ചിൽ, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ സജീവമായി ഏകോപിപ്പിച്ച് നടത്തിയത് ഉൾപ്പെടെ കൂടുതൽ ഫലപ്രദമായി ജനമൈത്രീ സംവിധാനം നടപ്പിലാക്കിയതിലൂടെ പോലീസിനെ കൂടുതൽ ജനസൗഹൃദ മാക്കുവാൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ ഗെയിമിന് അടിപ്പെടുന്ന കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. സോഷ്യൽ പോലീസിംഗ് ശക്തിപ്പെടുത്തുന്നതിലേക്കായി ആരംഭിച്ച സോഷ്യൽ പോലീസ് ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സോഷ്യൽ പോലീസിംഗ് കൂടുതൽ ശക്തമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. സോഷ്യൽ പോലീസിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷം കമ്മ്യൂണിറ്റി പോലീസിംഗ് സ്കീമിൽ കമ്മ്യൂണിറ്റി മീഡിയേഷൻ സെന്റർ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, ജനമൈത്രി കേന്ദ്രം പദ്ധതി, കുട്ടികൾക്കുള്ള ഹോപ്പ്, ചിരി ഹെൽപ്പ് ഡെസ്ക് എന്നീ പദ്ധതികൾക്കും കടലോര ജാഗ്രതാ സമിതി പ്രവർത്തനങ്ങൾക്കുമായി 2.99 കോടി രൂപ പോലീസ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പോലീസിനെതിരെ രാഷ്ട്രീയലക്ഷ്യത്തോടെയുള്ള | (സി) | പോലീസിനെതിരെയുള്ള പ്രചാരണങ്ങളുടെ |

| | | | |
|---|---|---|---|
| | അപവാദ പ്രചാരണങ്ങളുടെ സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് പോലീസിന്റെ സോഷ്യൽ മീഡിയ ഇടപെടൽ ശക്തമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | | സത്യാവസ്ഥ സാമൂഹ്യമാധ്യമങ്ങൾ വഴി ജനങ്ങളെ ബോധ്യപ്പെട്ടു ത്തുന്നതിന് പോലീസിന്റെ സോഷ്യൽ മീഡിയ ഇടപെടൽ ശക്തമാക്കിയിട്ടുണ്ട്. ഇതിലേക്കായി സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ (SPMC) എന്ന പേരിൽ ഒരു അത്യാധുനിക പബ്ലിക് റിലേഷൻസ് വിഭാഗം പ്രവർത്തിക്കുന്നു. ഇതിനു പുറമേ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെയുള്ള ഇടപെടലിനായി 'കേരളാ പോലീസ് സോഷ്യൽ മീഡിയ സെല്ലും' പ്രവർത്തിച്ചു വരുന്നു. |
| (ഡി) | കേസന്വേഷണത്തിന് ശാസ്ത്രീയമായി തെളിവുകൾ വിശകലനം ചെയ്യേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തു ന്നതിലേക്കായി 2021-22 സാമ്പത്തിക വർഷം 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 4.5 കോടി രൂപ 2021-22 ലെ സ്റ്റേറ്റ് ആക്ഷൻ പ്ലാനിൽ കേന്ദ്ര പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെയും തൃശ്ശൂർ, കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 'നിർഭയ ഫണ്ട് സ്കീം' പ്രകാരം കേന്ദ്രം 6.50 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകി. ഇതിൽ ആദ്യ ഗഡുവായി 3.25 കോടി രൂപ പോലീസ് വകുപ്പിന് ലഭ്യമാക്കിയിട്ടുമുണ്ട്. |
| (ഇ) | ജനമൈത്രി പോലീസ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഇ) | ഉണ്ട്. സംസ്ഥാനത്ത് ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന പോലീസിനെ കൂടുതൽ ജനകീയമാക്കാൻ സാധിച്ചിട്ടുണ്ട്. പരമ്പരാഗതമായി പിന്തുടർന്നു വന്നിരുന്ന ശൈലിയിൽ നിന്നും തീർത്തും വ്യത്യസ്തമായി സമൂഹത്തിൽ ലഭ്യമായ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി പൊതുജന സഹകരണത്തോടെ സമൂഹത്തിലെ ഓരോ വിഭാഗങ്ങളുടെയും വ്യത്യസ്തങ്ങളായ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും ഇതിലൂടെ പോലീസ് സ്റ്റേഷനിലെ പരാതികളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. പോലീസിന്റെ കടമകൾ ഭംഗിയായി നിറവേറ്റുന്നതിന് പൊതുസമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതുവഴി നിയമ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുവാൻ ജനമൈത്രി പദ്ധതി കൊണ്ട് സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ